# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2620

09-03-2017 ലെ മറുപടി

## വരൾച്ചയെ നേരിടുന്നതിനായി കോഴിക്കോട് ജില്ലയിലെ മുന്നൊരുക്കങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.ദാസൻ | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | വരൾച്ചയെ നേരിടുന്നതിനായി കോഴിക്കോട് ജില്ലയിൽ നടത്തിയ മുന്നൊരുക്കങ്ങൾ എന്തെല്ലാം; | (എ) | **ജലസേചന വകുപ്പ്**<br>കോഴിക്കോട് ജില്ലയിലെ എല്ലാ ഉപ്പുവെള്ള പ്രതിരോധ ബണ്ടുകളും അടയ്ക്കുകയും കൂടാതെ തോടുകളിൽ നിർമ്മിച്ചിരിക്കുന്ന വിസിബികളിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലും അറ്റകുറ്റപണികൾ നടത്തി പമ്പിംഗ് തുടങ്ങി പാടങ്ങളിലേക്ക് വെള്ളം എത്തിച്ചിട്ടുണ്ട്. വിവിധ പുഴകളിൽ ഇതുവരെ പൂർത്തീകരിച്ച എല്ലാ തടയണകളിലും വെള്ളം സംഭരിച്ചിട്ടുണ്ട്. ഇതു മൂലം സമീപപ്രദേശങ്ങളിലെ കിണറുകളിലും കുളങ്ങളിലും ജലനിരപ്പ് ഉയർന്നിട്ടുണ്ട്.<br>കുറ്റ്യാടി പുഴയിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി പെരിഞ്ചേരിക്കടവ് എന്ന സ്ഥലത്ത് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 57.50 കോടി രൂപയുടെ പദ്ധതി, പി.എം.കെ.എസ്.വൈ-യിൽ ഉൾപ്പെടുത്തി വിവിധ ജലസേചന പദ്ധതികൾ എന്നിവ തയ്യാറാക്കി പരിശോധിച്ചു വരുന്നു. കൂടാതെ കാരശ്ശേരി പഞ്ചായത്തിലെ ചുണ്ടത്തുമ്പോയിൽ എന്ന സ്ഥലത്ത് വിസിബി നിർമ്മാണം, തിരുവമ്പാടി പഞ്ചായത്തിലെ പുന്നയ്ക്കൽ എന്ന സ്ഥലത്ത് വിസിബി നിർമ്മാണം എന്നിവയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. കൂടരഞ്ഞി പഞ്ചായത്തിലെ 6-ാം വാർഡിൽ മാങ്കയം പുഴയിൽ തടയണ, ഏറാമല പഞ്ചായത്തിൽ വാർഡ് നമ്പർ 14-ൽ കൊമ്മേരി താഴെ പാലത്ത് എൻ.സി കനാലിനു കുറുകെ ഒരു വിസിബി കം ബ്രിഡ്ജ്, വടകര മുനിസിപ്പാലിറ്റിയിൽ കോട്ടയ്ക്കൽ എന്ന സ്ഥലത്തുള്ള തോടിനു കുറുകെയുള്ള വിസിബി എന്നിവയുടെ നിർമ്മാണം ധ്രുതഗതിയിൽ നടന്നുവരുന്നു. |

**കേരള ജല അതോറിറ്റി**

കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളുടെ സ്രോതസ്സുകളിൽ താൽക്കാലിക തടയണകൾ നിർമ്മിക്കുക
2. മണ്ണും ചെളിയും മാറ്റി കിണറുകൾ വൃത്തിയാക്കുക
3. ഇൻഫിൽട്രേഷൻ ഗാലറി വൃത്തിയാക്കുക
4. പമ്പ്സെറ്റ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ തുടങ്ങിയവ അറ്റകുറ്റപണി നടത്തി പ്രവർത്തനക്ഷമമാക്കുക
5. പൈപ്പ് ലൈൻ ലീക്ക് ഉള്ള സ്ഥലങ്ങളിൽ ലീക്ക് പരിഹരിച്ച് ജലനഷ്ടം ഒഴിവാക്കുക
6. കോഴിക്കോട് ജില്ലയിലെ പരാതികൾ ഫോൺവഴി സ്വീകരിക്കുന്നതിനായി കൺട്രോൾ റൂം തുറക്കുകയും പരാതികൾ പരിഹരിക്കുകയും ചെയ്തു വരുന്നു
7. കൂടാതെ അത്യാവശ്യ ഘട്ടങ്ങളിൽ ടാങ്കർ ലോറി മുഖേന കുടിവെള്ളവിതരണം നടത്തുന്നതിന് ആവശ്യമായ ഫില്ലിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

**ഭൂജല വകുപ്പ്**

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ 316 കുഴൽകിണർ കൈപമ്പുകളുടെ അറ്റകുറ്റപണികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 117 എണ്ണം പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിലെ കുഴൽകിണർ സ്രോതസ്സായിട്ടുള്ള 4 മിനികുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണികൾ നടന്നുവരുന്നു. ഒരെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

**ജലനിധി**

ലോകബാങ്ക് ധനസഹായത്തോടെ കേരള സർക്കാർ നടപ്പിലാക്കുന്ന ജലനിധി കുടിവെള്ള വിതരണ ശുചിത്വ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കോഴിക്കോട് ജില്ലയിൽ നിന്നും തിരഞ്ഞെടുത്ത ബാച്ച് ഒന്നിലെ താമരശ്ശേരി, ചെറുവണ്ണൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ 57 സ്കീമുകളിലൂടെ 3521 കുടുംബങ്ങൾക്ക് കുടിവെള്ളം നല്കി വരുന്നു. ബാച്ച് 2 ലും 3 ലും ഉൾപ്പെട്ട കട്ടിപ്പാറ, മണിയൂർ, കീഴരിയൂർ, എടച്ചേരി, പുറമേരി ആയഞ്ചേരി, കോട്ടൂർ, നടുവണ്ണൂർ, ചക്കിട്ടപ്പാറ, വില്ല്യാപ്പള്ളി, ചോറോട് തുടങ്ങിയ ഗ്രാമ പഞ്ചായത്തുകളിൽ സാങ്കേതികാനുമതി നല്കിയ 293 സ്കീമുകളിൽ 107 സ്കീം കമ്മീഷൻ ചെയ്ത് 5752 കുടുംബങ്ങൾക്ക് കുടിവെള്ളം നല്കി വരുന്നു. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുകൊണ്ടു മാത്രം വൈകുന്ന

| | | | |
|---|---|---|---|
| | | | പദ്ധതികൾക്ക് അടിയന്തിരമായി കണക്ഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും (IEC) ജലസംരക്ഷണം വഴിയും, ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | കടുത്ത വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എത്ര കിയോസ്കുകളാണ് ജില്ലയിൽ സ്ഥാപിക്കുന്നത്; എവിടെയെല്ലാം; പഞ്ചായത്ത്/ നിയോജക മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ? | (ബി) | കിയോസ്കുകൾ വഴിയുള്ള ജലവിതരണം റവന്യൂ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ചുമതലയിലാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ